ക്രൈസ്തവ ഫോക്‌ലോറിന്റെ പരിണാമവഴികൾ കേരളത്തിൽ - ചരിത്രം, മതം, സ്വത്വം

ഡോ. സ്കറിയാ സക്കറിയ

ഫോക്‌ലോർ ഒരു വിജ്ഞാനശാഖയെന്ന നിലയിൽ സർവകലാശാലകളിലും മറ്റും സ്ഥാനം പിടിച്ചിട്ട് ഏറെക്കാലമായിട്ടില്ല. അതിനുമുമ്പും നാട്ടറിവുകൾ ഉണ്ടായിരുന്നു. അവ ക്രോഡീകരിച്ചു പഠിക്കാൻ പരിശ്രമങ്ങളുമുണ്ടായി. മലയാളത്തിന്റെ കാര്യമെടുത്താൽ പഴഞ്ചൊല്ലുകളും നാടോടിപ്പാട്ടുകളും നാടോടിക്കഥകളും പണ്ടുപണ്ട് പ്രചാരത്തിലുണ്ടായിരുന്നു. കോളണിവാഴ്ചക്കാലത്ത് പാശ്ചാത്യ പണ്ഡിതർ പഴഞ്ചൊല്ലുകളും നാടോടിപ്പാട്ടുകളും സമാഹരിച്ചു പ്രസിദ്ധീകരിച്ചു. അവരിൽ പാശ്ചാത്യമിഷണറിമാരും ഉൾപ്പെടും. അക്കാര്യത്തിൽ അവർ മുന്നിട്ടിറങ്ങിയത് നിർലക്ഷ്യരായിട്ടല്ല. ജനങ്ങളുടെ ഹൃദയങ്ങളിലേക്ക്, വിശിഷ്യ കൂട്ടായ്മകളിലേക്കു സഞ്ചരിച്ചെത്താൻ നാടോടിവിജ്ഞാനം ഉപകരിക്കുമെന്ന് തത്പരകക്ഷികൾ തിരിച്ചറിഞ്ഞു. മലയാളഭാഷാസമൂഹത്തിൽ വ്യതിരിക്തതകളോടെ നിലനിന്നിരുന്ന ജൂത-ക്രൈസ്തവ-മുസ്ലീം സമുദായങ്ങൾക്ക് സവിശേഷമായ നാട്ടറിവുകൾ ഉണ്ടെന്ന് ഫോക്‌ലോർ പഠിതാക്കൾ തുടക്കത്തിൽത്തന്നെ തിരിച്ചറിഞ്ഞു. കോളണിവാഴ്ചക്കാലത്ത് ജൂത-ക്രൈസ്തവ-മുസ്ലീം ഫോക്‌ലോറുകൾ വിലപ്പെട്ട അറിവുശേഖരങ്ങളായി പരിഗണിക്കപ്പെട്ടു. മറ്റൊരു തരത്തിൽ പറഞ്ഞാൽ കോളണിവാഴ്ചക്കാലത്ത് കേരളീയപൈതൃകത്തിന്റെ ഭാഗമായിരുന്നുകൊണ്ട് ജൂത-ക്രൈസ്തവ-മുസ്ലീം ഫോക്‌ലോറുകൾ പാഠപുസ്തകങ്ങളിലൂടെയും മറ്റും മാനകപദവി നേടിയിരുന്നു. മേൽപറഞ്ഞ സമുദായക്കാരുടെതന്നെ ദൃഷ്ടിയിൽ ഇവ വിലപ്പെട്ട വിഭവങ്ങളായിരുന്നില്ല. ജൂതരുടെ ഫോക്‌ലോർ വ്യത്താന്തങ്ങൾ പണ്ഡിതശ്രദ്ധയിൽ വന്നിട്ട് ഏതാനും

വർഷങ്ങൾ മാത്രമേ ആയിട്ടുള്ളു. ഹീബ്രു സർവകലാശാലയിലെ പ്രസിദ്ധീകരണമായ *കാർകുഴലി*യാണ് ജൂതപ്പാട്ടുകളുടെ നിലവാരപ്പെട്ട പാഠപുസ്തകം. മാപ്പിളപ്പാട്ടുകൾ മുസ്ലീമുകളിൽ പലരെയും ഗായകരാക്കി മാറ്റിയെങ്കിലും അതിന്റെ സാംസ്കാരികപ്രാധാന്യം തിരിച്ചറിഞ്ഞ് ലോകശ്രദ്ധയിലേക്കു കൊണ്ടുവന്നവർ വിരളമാണ്. ക്രൈസ്തവസമുദായവും ഫോക്‌ലോറിന്റെ കാര്യത്തിൽ സമ്പന്നമാണെങ്കിലും ഫോക്‌ലോർ പഠനത്തെ ഗൗരവമായിട്ടെടുത്തില്ല. 1910-ൽ പ്രസിദ്ധീകരിച്ച *പുരാതനപ്പാട്ടുകളാ*ണ് ശ്രദ്ധേയമായ ആദ്യകൃതി. കുടുംബസദസ്സുകളിലും ദേവാലയങ്ങളിലും അരങ്ങേറിയിരുന്നെങ്കിലും വിജ്ഞാനവിഭവങ്ങളായി പരിഗണിക്കപ്പെട്ടിരുന്നില്ല. അത്തരമൊരു സൗഭാഗ്യം ക്രൈസ്തവഫോക്‌ലോറുകൾക്ക് ആദ്യം ലഭിച്ചത് പി.ജെ. തോമസിന്റെ *മലയാളസാഹിത്യവും ക്രിസ്ത്യാനികളും* എന്ന കൃതിയിലാണ്. പിന്നീട് ക്രൈസ്തവ ഫോക്‌ലോറുകളെക്കുറിച്ച് ചുമ്മാർ ചൂണ്ടലും ജേക്കബ് വെള്ളിയാനും നടത്തിയ പഠനപരിശ്രമങ്ങളും പ്രചാരണസംരംഭങ്ങളും പ്രത്യേക പരാമർശമർഹിക്കുന്നു. അടുത്തകാലത്ത് ഡോ. ബാബു തോമസും ഡോ. സിസ്റ്റർ ദീപയും പ്രസക്തമായ ഗവേഷണഫലങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. മറ്റു പലരും ഈ രംഗത്ത് ശ്രദ്ധപതിപ്പിക്കുന്നുണ്ട്. ഫോക്‌ലോർ അക്കാദമിയും ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നു. ഈ ഘട്ടത്തിൽ ക്രൈസ്തവ ഫോക്‌ലോറിന്റെ മാതൃകയായി മാർഗംകളി സംസ്ഥാനതലത്തിൽ അംഗീകരിക്കപ്പെട്ടു. ഒപ്പം സ്കൂൾ യുവജനോത്സവവേദിക്ക് തക്കവണ്ണം മാർഗംകളിയെ രൂപാന്തരപ്പെടുത്തി. അത്ഭുതകരമായ മാറ്റം മാർഗംകളിക്ക് ഉണ്ടായ ലിംഗഭേദമാണ്. പുരുഷന്മാരുടെ ആയോധനകലയുടെ ഛായയിൽനിന്ന് യുവതികളുടെ നൃത്തകലയായി അതു മാറി. ഫോക്‌ലോർ രൂപങ്ങൾക്ക് എങ്ങനെയെല്ലാം എത്രത്തോളം മാറ്റങ്ങളുണ്ടാകാമെന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് മാർഗംകളിയുടെ ലിംഗപരിണാമം. മാർഗംകളിയുടെ അർത്ഥത്തിൽ മാറ്റമുണ്ടായില്ല. സംവേദനമൂല്യമാകട്ടെ മാറിപ്പോയി.

ഫോക്‌ലോർ നാട്ടറിവു പഠനത്തിലേക്ക്

അറിവും അനുഭവവും ഉൾക്കൊള്ളുന്നതാണ് ഫോക്‌ലോർജ്ഞാനം. സംവേദനതന്ത്രങ്ങൾക്ക് സുപ്രധാനസ്ഥാനമുണ്ട്. മലയാളഗാനങ്ങൾ സുറിയാനി ഈണത്തിൽ ആലപിക്കുമ്പോൾ ഉണ്ടാകുന്നതുപോലെയുള്ള സംവേദനവ്യതിയാനം പൊതുവേദിയിലേക്ക് കടന്നുവന്നതോടുകൂടി മാർഗംകളിക്ക് അനുഭവപ്പെട്ടു. ഇതോടെ ക്രൈസ്തവ ഫോക്‌ലോറിന് ഏറെ ദൃശ്യത ലഭിച്ചു. വട്ടക്കളി, മാർഗംകളി, പരിചമുട്ടുകളി തുടങ്ങിയവയെല്ലാം ജനശ്രദ്ധയിൽ വന്നു. പി.യു. ലൂക്കാസിന്റെ *പുരാതനപ്പാട്ടു*

കൾക്ക് തുടരെത്തുടരെ പുതിയ പതിപ്പുകളുണ്ടായി. ഫാദർ വെള്ളിയാന്റെ നേതൃത്വത്തിൽ പുരാതനപ്പാട്ടുകളുടെ ഉള്ളടക്കത്തിൽ പലതരം മാറ്റങ്ങൾ വരുത്തി. പുസ്തകത്തിന്റെ പേരുപോലെ ഉറച്ചുനിൽക്കുന്നതല്ല ഉള്ളടക്കം. ക്രൈസ്തവഫോക്ലോറിലെ ഫോക് ആരാണ്? ഈ ചോദ്യത്തിന് ക്രൈസ്തവരെന്ന് സാമാന്യമായി മറുപടി പറയാമെങ്കിലും കുറേക്കൂടി കൃത്യത ആവശ്യമായി വന്നിരിക്കുന്നു. ഒരു ഘട്ടത്തിൽ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ അഥവാ നസ്രാണികളായിരുന്നു പുരാതനപ്പാട്ടുകളിലെ കൂട്ടായ്മ. ക്രമേണ അതിനു മാറ്റങ്ങളുണ്ടായി. എക്കാലത്തും പുരാതനപ്പാട്ടുകളോട് താത്പര്യം കാണിച്ചിരുന്നത് ക്നാനായ സമുദായക്കാർ, വിശേഷിച്ച് കോട്ടയം രൂപതയാണ്. ഇവർ ക്രൈസ്തവ നാടോടിസാഹിത്യത്തിലും പ്രകടനകലകളിലും വലിയ ഉത്സാഹം പ്രകടിപ്പിച്ചു. മതപാഠശാലകളിൽ ഇത് അഭ്യസിപ്പിച്ചു. ഇതൊരു ഉണർവായിത്തീർന്നു. ഇത് ക്രൈസ്തവ ഫോക്ലോറിനെ സജീവമായി നിലനിർത്തി. സ്കൂൾ-കോളജ് കലോത്സവങ്ങളിലെ ഒരിനമായി അംഗീകരിക്കപ്പെട്ട മാർഗംകളിക്ക് പെട്ടെന്ന് കേരളസമൂഹത്തിൽ അംഗീകാരം കിട്ടി. അധികാരപരമായ ഇടപെടലുകൾ എങ്ങനെ ഫോക്ലോർരൂപങ്ങളെ മാറ്റിമറിച്ചു എന്നതിന്റെ ദൃഷ്ടാന്തമാണിത്. ചവിട്ടുനാടകത്തിനുമുണ്ടായി ഇത്തരം സൗഭാഗ്യം. അപ്പോഴെല്ലാം ക്രൈസ്തവ ഫോക്കലകൾ കലോത്സവസംഘാടകരുടെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള മാർഗംകളിയും ചവിട്ടുനാടകവും രൂപപ്പെടുത്തുകയായിരുന്നു. ഇക്കാര്യങ്ങളിൽ പൂർണമായ അഭിപ്രായൈക്യം ഉണ്ടായില്ലെങ്കിലും വിശദമായ കൂടിയാലോചനകൾ നടന്നിരുന്നു. ചവിട്ടുനാടകത്തെക്കുറിച്ച് സമ്പിനാ റാഫി എഴുതിയ ചരിത്രപരമായ ഗ്രന്ഥവും അടുത്തകാലത്ത് വിജ്ഞാനകോശരൂപത്തിൽ ഫാ. വി. പി. ജോസഫ് വലിയവീട്ടിൽ രചിച്ച ചവിട്ടുനാടകവിജ്ഞാനകോശവും സവിശേഷശ്രദ്ധയർഹിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിൽ മാപ്പിളപ്പാട്ടുകൾക്കു ലഭിച്ച പ്രചാരം തോതിലോ തരത്തിലോ ക്രൈസ്തവ വാമൊഴിസാഹിത്യത്തിലുണ്ടായില്ല എന്നു സമ്മതിക്കണം. എന്തായിരിക്കാം ഇതിനു കാരണം? പുനരുദ്ധാരണപ്രവർത്തനങ്ങളിൽ മുന്നിട്ടു പ്രവർത്തിച്ചിരുന്നത് വൈദികരാണ്. അതിലും പ്രത്യേകിച്ച് തെക്കുംഭാഗവൈദികർ. അവരുടെ നിർദ്ദേശങ്ങളും ബോധ്യങ്ങളും അഭിരുചികളും അനുസരിക്കുന്നവയായിരുന്നു പുതിയ കലാതന്ത്രങ്ങൾ. ക്രൈസ്തവ ഫോക്ലോർ നിലനിർത്തുന്നതിലും പരിവർത്തിപ്പിക്കുന്നതിലും മുഖ്യപങ്കു വഹിച്ചവർക്ക് അതിന്റെ ഏകാത്മകത വിലപ്പെട്ട ഗുണവിശേഷമായി തോന്നി. താളിയോലകളിലെ പകർപ്പുകൾ കൂടുതൽ ആധികാരിക ആഖ്യാനങ്ങളായി പരിഗണിക്കപ്പെട്ടുതുടങ്ങി.

ഫോക്‌ലോറിന്റെ ജീവൻ വാമൊഴിവഴക്കത്തിലും വൈവിധ്യത്തിലുമാണെന്ന കാര്യം മതാത്മകമായി മാത്രം ചിന്തിക്കുന്നവർക്ക് പെട്ടെന്ന് സ്വീകാര്യമാവില്ല. ഉദാഹരണത്തിന്, ക്രൈസ്തവ ഫോക്‌ലോർ പ്രകടനങ്ങളിൽ ഒരു പ്രധാനപ്പെട്ട ഇനമായിരുന്ന ഇടക്കളിപ്പാട്ടുകൾ ഏറെക്കുറെ നിരാകരിക്കപ്പെട്ടു. ലഭ്യമായ ഇടക്കളിപ്പാട്ടുകൾ ഓടിച്ചു പരിശോധിച്ചാൽ ബോധ്യപ്പെടുന്ന ഒരു സത്യം സംസ്കാരകേരളത്തിന്റെ ഐക്യവും കെട്ടുറപ്പും പരസ്പരബഹുമാനവും വളർത്തിയെടുക്കുന്നതിൽ ഇടക്കളിപ്പാട്ടുകൾക്ക് നല്ല പങ്കുണ്ടായിരുന്നു. മാർഗംകളി അരങ്ങേറുന്ന ദേശത്തെയും അവിടുത്തെ ആരാധനാമൂർത്തികളെയും വിലമതിക്കുന്നവയായിരുന്നു ഇടക്കളിപ്പാട്ടുകൾ,

ഫോക്കലകളിൽ സാധാരണമല്ലാത്ത ഇത്തരം ചിട്ടകൾ ആ കലാരൂപങ്ങളുടെ മതാത്മകത കുറേക്കൂടി തെളിച്ചു കാട്ടി. കടൽതീരത്തെ അർത്തുങ്കൽ പള്ളിയിൽ തുടങ്ങി അമ്പലപ്പുഴ, എടത്വ, തിരുവല്ല, ശബരിമല എന്നിവ കോർത്തിണക്കി ഭാവനയും ചരിത്രവും കലർത്തി നിർമ്മിച്ച ദേവകഥകൾ ഒരിക്കലും അച്ചടിയിലെത്തിയിട്ടില്ല. എന്നാൽ ജനമനസ്സുകളെ ഭരിക്കുന്ന വൈകാരിക ശൃംഖലയായി അതു പ്രവർത്തിക്കുന്നു. പുണ്യാത്മാക്കളുടെ വംശാവലി എന്ന് ഇതറിയപ്പെടുന്നു. വെളുത്തച്ഛനും ശ്രീകൃഷ്ണഭഗവാനും ഗീവർഗീസും ശബരിമലശാസ്താവും വീരനായകരായി ഈ കഥാ ശൃംഖലയിൽ സോദരത്വേന ജീവിക്കുന്നു. ഇത്തരം കഥാപാത്രങ്ങളും ഇതിവൃത്തങ്ങളും മതശുദ്ധവാദികൾക്ക് അലോസരമുണ്ടാക്കും. അവരുടെ ഉത്കണ്ഠ പരിഹരിക്കാൻ അതാതിടങ്ങളിൽ സമാന്തര കഥകൾ ഉണ്ടാകും. പൊതുസമൂഹത്തിലെ ആശയാവലി മുഖ്യധാര, സാംസ്കാരിക പ്രവാഹത്തിലെ സമകാലികാഭിമുഖ്യങ്ങൾ ഇവയെല്ലാം പരസ്പരാകർഷണത്തിലൂടെ രൂപപ്പെടുത്തിയവയാണ് മതപരമായ നാടോടിക്കഥകൾ. എടത്വാ സെന്റ് ജോർജ് ദേവാലയത്തിലെ ഗീവർഗീസിനെക്കുറിച്ചുള്ള കഥകൾക്കും ഗീവർഗീസിന്റെ പേരിലുള്ള മറ്റു ക്രൈസ്തവദേവാലയങ്ങളിലെ കഥകൾക്കും ഒട്ടേറെ സാദൃശ്യങ്ങളുണ്ട്. വ്യത്യാസങ്ങളും വേണ്ടുവോളമുണ്ട്. ദേവീദേവന്മാരെ വംശാവലിയിലെന്നപോലെ കൂട്ടിയിണക്കി പറയുന്ന ശൈലി വ്യാപകമാണ്. ഇത്തരം ഫോക്‌ലോർ വൃത്താന്തങ്ങൾ ശേഖരിക്കാനും അപഗ്രഥിക്കാനും സാരമായ പരിശ്രമങ്ങൾ ഉണ്ടായിട്ടില്ല. വ്യത്യസ്ത ദേവാലയങ്ങളോടനുന്ധിച്ചുള്ള നാട്ടാചാരങ്ങൾ ക്രോഡീകരിച്ച് ഒരു വിവരണപ്രബന്ധം തയ്യാറാക്കാവുന്നതാണ്. ഒപ്പം അവയുടെ ജനകീയ വ്യാഖ്യാനങ്ങളും. ജനപ്രിയ വ്യാഖ്യാനങ്ങൾക്കും ക്ഷാമമില്ല. ചലച്ചിത്രഗാനങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

നേർച്ചയിലെയും ഭക്ഷണത്തിലെയും ഫോക്‌ലോർ

ക്രൈസ്തവദേവാലയങ്ങളിലെ പലതരം നേർച്ചകൾ ഫോക്‌ലോറിന്റെ മികച്ച മാതൃകകളാണ്. നേർച്ച, ദേവാലയത്തോടനുബന്ധിച്ച് നടക്കുന്ന ഓർമ്മശുശ്രൂഷയാണ്. വിരുന്നാണ് അതിൽ പ്രധാനം. പള്ളിയങ്കണത്തെ ഊട്ടുശാലയാക്കി മലിനപ്പെടുത്തുന്നുവെന്നാരോപിച്ച് പാശ്ചാത്യമിഷണറിമാർ നേർച്ചകൾ നിരോധിച്ചു. വിവിധതരം ഭക്ഷ്യവസ്തുക്കൾ ദേവാലയത്തിൽ സമർപ്പിക്കുന്നത് മറ്റൊരുതരം നേർച്ചയാണ്. ഓരോ ദേവാലയത്തിലും വിശുദ്ധർക്കു പ്രത്യേകം രുചികരമായ നേർച്ചകളുണ്ട്. ചില സ്ഥലങ്ങളിൽ നേർച്ചസദ്യയൊരുക്കം നാടോടിമഹോത്സവം തന്നെയാണ്. നെടുങ്കുന്നത്തെ പുഴുക്കു നേർച്ച നല്ലൊരുദാഹരണമാണ്. എണ്ണ മറ്റൊരു നേർച്ചവിഭവമാണ്. വെറ്റില, തെങ്ങ, വാഴക്കുല തുടങ്ങിയവയും ക്രൈസ്തവദേവാലയങ്ങളിൽ നേർച്ചയായി നൽകുന്നു. സ്വർണ്ണം, വെള്ളി, സ്റ്റീൽ തുടങ്ങിയവ കൊണ്ടുണ്ടാക്കിയ പ്രതിമകൾ ചില ക്രൈസ്തവകൂട്ടായ്മകളിൽ നേർച്ചയായി നൽകുന്നുണ്ട്. നേർച്ചകളുടെ ലക്ഷ്യം, ഘടന, പങ്കാളികൾ, വിഭവങ്ങൾ എന്നിവ പരിഗണിച്ച് വിശദമായ വർഗ്ഗീകരണത്തിന് വകയുണ്ട്. ആദ്യഫലങ്ങൾ ദൈവത്തിനുള്ളത് എന്ന സാമാന്യവിശ്വാസത്തിൽ കായ്കനികൾ ദേവാലയത്തിൽ സമർപ്പിക്കുന്നു. കൂടാതെ കോഴി, ആട് തുടങ്ങിയവയും. യഹൂദപാരമ്പര്യമായി ഇതിനെ വ്യാഖ്യാനിക്കാൻ എളുപ്പമാണ്.

കേരളത്തിലെ ക്രൈസ്തവഫോക്‌ലോർ നാടോടിക്കഥകൾക്കുള്ള പ്രാധാന്യം ഇനിയും തിരിച്ചറിയപ്പെട്ടിട്ടില്ല. പഴക്കവും പ്രചാരവും പരിഗണിച്ചാൽ ഗീവർഗീസാണ് ഏറ്റവും മുതിർന്ന കഥാനായകൻ. സെന്റ് സെബാസ്റ്റ്യനുമുണ്ട് തൊട്ടടുത്ത്. പുരോഹിതർ പകർന്നുകൊടുത്ത അറിവെന്ന നിലയിൽ അതു പ്രചരിച്ചു. നാടോടിക്കഥകൾകൊണ്ട് വിശുദ്ധരുടെ ജീവിതത്തിന് മോടി കൂട്ടുന്നു. ഇത്തരം അത്ഭുതകഥകൾ വിസ്മയരസവും ഭക്തിഭാവവും വളർത്തുന്നു. കരുമാടിയിലെ കുട്ടനെക്കുറിച്ച് ഇത്തരം കഥകളുള്ളത് ഡോ. അജു നാരായണൻ പഠനവിധേയമാക്കിയിട്ടുണ്ട്. യൂറോപ്പിൽനിന്നു പുറത്തു കടന്നിട്ടില്ലാത്ത അമ്മത്രേസ്യയെക്കുറിച്ച് ഭക്തർ പറയുന്ന അത്ഭുതകഥകൾ ഇപ്പോൾ ക്രോഡീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. കേരളസമുദായത്തിന്റെ മനോവൃത്തികളും മാനസികാഭിമുഖ്യങ്ങളും വെളിവാക്കുന്ന കഥകൾ ഡോ. ശാലിനി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. കേരളത്തിലെ വിവിധ ഗ്രാമങ്ങളിലും മാഹിയിലും അമ്മത്രേസ്യയെക്കുറിച്ചുള്ള കഥകൾ സുലഭമാണ്. കഥ പറയുന്ന പ്രദേശങ്ങളിലെ അനുദിനജീവിതത്തിന്റെ ഊടുവഴികളിലൂടെ ഇതു നമ്മെ കടത്തിക്കൊണ്ടുപോകുന്നു. മലയാറ്റൂർ, ഭരണങ്ങാനം, പരുമല തുടങ്ങിയ

സ്ഥലങ്ങളിൽ കേൾക്കുന്ന കഥകൾക്കുമുണ്ട് തദ്ദേശീയതയും സാർവ ലൗകികതയും. പുതുമയും പഴയും തമ്മിലുള്ള ബലതന്ത്രം വെളിവാ ക്കുന്ന കഥകളാണവ.

ക്രൈസ്തവ വിജ്ഞാനത്തിന്റെയും അനുഷ്ഠാനങ്ങളുടെയും ഫോക്‌ലോറീകരണം

ക്രൈസ്തവ ഫോക്‌ലോറിന്റെ പഠനസാധ്യതകളെക്കുറിച്ച് ചില കാ ര്യങ്ങൾ കുറിക്കാം. ക്രൈസ്തവ വേദഗ്രന്ഥമായ ബൈബിൾ പലതര ത്തിൽ വായിക്കപ്പെടുന്നു. ബൈബിളിനെ ഒരു പുരാണഗ്രന്ഥമായും അതിന്റെ ആഖ്യാനശൈലിയെ പുരാണപരമെന്നും കരുതുന്ന സമ്പ്രദായം വ്യാപകമാണ്. ബൈബിളിലെ ചില ഭാഗങ്ങൾ, ഉദാഹരണത്തിന് ഉത്പത്തി പുസ്തകം ചരിത്രരേഖപോലെ വായിച്ച് ചോദ്യങ്ങളുടെ പെരു മഴ പെയ്യിക്കുന്നവരുണ്ട്. പഴയനിയമഗ്രന്ഥങ്ങളിലെ പല ഭാഗങ്ങളും സംവേദനക്ഷമമാകുന്നത് പുരാണപ്രസ്ഥാനത്തിൽ ഉൾപ്പെടുത്തി വായി ക്കുമ്പോഴാണ്. ഉത്തമഗീതങ്ങൾ, പ്രവാചകഗീതങ്ങൾ, വെളിപാടുപുസ്ത കം, വിലാപഗീതങ്ങൾ, അത്ഭുതവിവരണങ്ങൾ തുടങ്ങിയവയും ഇങ്ങനെ വിവരശൃംഖലയിൽ കണ്ണി ചേർക്കാം. ചുരുക്കത്തിൽ, പ്രസ്ഥാനപരമായ വായനയെ ക്രൈസ്തവവേദഗ്രന്ഥം ആവശ്യപ്പെടുന്നു. കഥയിൽ ചോദ്യ മില്ല എന്നല്ല പറയേണ്ടത്. ചോദ്യങ്ങൾ കഥയിൽ പ്രസക്തിയുള്ളതായി രിക്കണം എന്നാണ് നിർദ്ദേശിക്കുന്നത്. ബൈബിളിലെ കഥകളും കഥാ പാത്രങ്ങളും പുരാണപരിവേഷത്തിൽ ക്രൈസ്തവ ഫോക്‌ലോറിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. സമൂഹമനസ്സിൽ, ബോധാബോധതലങ്ങളിൽ, തല മുറകളായി അടിഞ്ഞുകൂടിയിരിക്കുന്ന അഭിരുചികളും ഉത്ക്കണ്ഠകളും കഥാരൂപത്തിൽ ക്രൈസ്തവ ഫോക്‌ലോറിൽ കടന്നുവരുന്നു. തിരുസ്വ രൂപവും കൊടിയും കുരിശും ധൂപാർച്ചനയും പ്രദക്ഷിണവും വാദ്യമേളങ്ങ ളുമെല്ലാം പുരാണപരിസരം സുഗമമായി അവതരിപ്പിക്കുന്നു. വെടിക്കെ ട്ട്, തുള്ളൽ, ഉരുളൽ, സുറിയാനി-ലത്തീൻ ഈണങ്ങളുള്ള ഗാനങ്ങൾ, അങ്കമാലി ഡയറീസിൽ കാണുന്നപോലെ നാടോടിച്ചിട്ടകൾ തുടങ്ങിയ വയെല്ലാം ക്രൈസ്തവ ഫോക്‌ലോറിന് വർണപ്പൊലിമ പകരുന്നു. ഭാഷ യിലും ഭാവത്തിലുമുള്ള സൂക്ഷ്മശ്രദ്ധകൊണ്ട് ക്രൈസ്തവജീവിത ത്തിന്റെ ഫോക്‌ലോർ ചിട്ടകളും ജനപ്രിയസ്വഭാവവും മനസ്സിലാക്കാൻ ഈ.മ.യൗ. എന്ന സിനിമ ശ്രദ്ധാപൂർവം അപഗ്രഥിച്ചാൽ മതി. നാടോടി ത്തനിമയാണ് അതിൽ നിറഞ്ഞുനിൽക്കുന്നത്. ഒപ്പം നർമ്മഭാവം തുളു മ്പുന്ന ദാർശനികതയും. വേഷം, ആഭരണം, സംഗീതം തുടങ്ങിയവയെ ക്കുറിച്ചും ഫോക്‌ലോർ സമ്പ്രദായത്തിൽ ധാരാളം അറിവുകൾ സമ്പാ ദിക്കാൻ സാധിക്കും. കേരളത്തിൽ അടുത്തകാലത്തുണ്ടായ വെള്ളപ്പൊ

ക്കത്തെക്കുറിച്ചുപോലും സവിശേഷമായ ഫോക്ലോർ രൂപപ്പെടുന്നുണ്ട്. ഇന്നിന്റെ അനുഭവത്തിലൂടെ സ്വത്വപ്രകാശനം നടത്താനുള്ള തീവ്രശ്രമത്തിന്റെ ഭാഗമാണിത്. ഇത്തരം സ്വത്വപ്രകാശനം ഫോക്ലോറിനെ കൂടുതൽ ഭാവാത്മകമാക്കുന്നു. അർത്ഥതലം വിട്ട് പ്രതിരൂപാത്മക തലത്തിലേക്ക് സഞ്ചരിക്കുന്നു ക്രൈസ്തവഫോക്ലോർ. മലയാളത്തിലുള്ള വേരുറപ്പാണ് ക്രൈസ്തവ ഫോക്ലോറിന്റെ പരിണാമം സാധ്യമാക്കുന്നത്.

മാർത്തോമ്മായ്ക്ക് ക്രൈസ്തവ ഫോക്ലോറിൽ പ്രത്യേക സ്ഥാനമുണ്ട്. നസ്രാണികളുടെ ഉത്പത്തികഥയുമായി കൂട്ടിയിണക്കി പല മട്ടിൽ മാർത്തോമ്മാഗീതങ്ങൾ ആലപിക്കാറുണ്ട്. ശ്രോതാക്കൾക്ക് അരോചകമായി തോന്നുന്ന ജാതിവിവരണങ്ങൾ പോലെയുള്ളവ ഉൾക്കൊള്ളുന്നവയാണ് റമ്പാൻപാട്ട്. വിവിധ ദേവാലയങ്ങളുടെ ചരിത്രവും സമൂഹപരിണാമവ്യത്താന്തങ്ങളും ഉൾക്കൊള്ളുന്നവയാണ് ചില പള്ളിപ്പാട്ടുകൾ. ജൂതരുടെ സിനഗോഗു പാട്ടുകളോട് അവയ്ക്കുള്ള സാദൃശ്യം എടുത്തു പറയേണ്ടുന്നതാണ്. ആനുഷംഗികമായി സൂചിപ്പിക്കട്ടെ, കേരളത്തിലെ നസ്രാണികളുടെ നാടോടിപ്പാട്ടുകളും ജൂതരുടെ മലയാളം പാട്ടുകളും പലതരത്തിലുള്ള സാദൃശ്യങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. വിശദമായ പാഠശേഖരണത്തിലൂടെയും ചർച്ചകളിലൂടെയും ഇവ താരതമ്യാത്മകമായി പഠിക്കാവുന്നതാണ്. ക്രൈസ്തവ ഫോക്ലോറിന്റെ ഗവേഷണത്തിലും സംക്രമണത്തിലും ക്രൈസ്തവസഭകളിലെ ആരാധനക്രമത്തിലും ഉള്ള സ്ഥാനം മറന്നുകൂടാ. യേശുവ്യത്താന്തവും പ്രപഞ്ചദർശനവും ജീവിതാദർശങ്ങളും കലർന്നുണ്ടാകുന്നവയാണ് ആരാധനക്രമങ്ങൾ. ക്രൈസ്തവസഭകളുടെ വാർഷികപഞ്ചാംഗവും ആരാധനക്രമവത്സരത്തിലെ പെരുന്നാളുകളുടെ ക്രമീകരണവും സ്ഥലവും ഇടവും പല മട്ടിൽ ഇടകലർത്തി ഉണ്ടാക്കിയവയാണ്. ആരാധനക്രമഗന്ഥങ്ങളിൽ കടന്നുവരുന്ന ബൈബിൾവാക്യങ്ങൾ പോലും പ്രമേയനിഷ്ഠമായി പുനഃസംവിധാനം ചെയ്ത് അവതരിപ്പിക്കുന്നതാണ്.

പുത്തൻപാന മാതൃക

ശവസംസ്കാരശുശ്രൂഷ, മാമ്മോദീസ, കുമ്പസാരം, കുർബാന, സ്ഥൈര്യലേപനം, രോഗീലേപനം തുടങ്ങിയവയോടനുബന്ധിച്ച് ഉയർന്നുകേൾക്കുന്ന ആഖ്യാനങ്ങൾ ഭാഷ, ഭാവന, സാഹിത്യം എന്ന മട്ടിൽ അപഗ്രഥിക്കാവുന്നതാണ്. ക്രിസ്തുചരിതം എന്ന നിലയിൽ മാത്രം അവ വ്യാഖ്യാനിക്കുന്നത് ന്യൂനീകരണമാണ്. എന്തോ, ഇവിടെ സാരമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെന്നു തോന്നുന്നു. വേദവചനത്തിന്റെ അചാല്യതയെക്കുറിച്ചും യാന്ത്രികമായ ധാരണകളാണ് പലയിടത്തും

നിലനിൽക്കുന്നത്. ബൈബിളിന്റെ പുനരാഖ്യാനങ്ങളായ മലയാളസാഹിത്യസൃഷ്ടികളിൽ സക്കറിയ, സി.ജെ. തോമസ് തുടങ്ങിയവരെപ്പോലുള്ള ചുരുക്കം ചിലരെ ഒഴിച്ചുനിർത്തിയാൽ പാരമ്പര്യഭക്തിക്കാണ് പ്രാധാന്യം. ശ്രദ്ധേയമായ ഒരപവാദമുള്ളത് ഇവിടെ സൂചിപ്പിക്കാം. ഫോക്‌ലോറീകരണം എന്നു വിശേഷിപ്പിക്കാവുന്ന പ്രതിഭാസത്തിന് ഇത് ഉദാഹരിക്കുകയും ചെയ്യാം. വിദേശമിഷണറിയായിരുന്ന അർണോസ് പാതിരിയുടെ *പുത്തൻപാന*യാണ് സാഹിത്യഭംഗിയുള്ള ഫോക്‌ലോർ കാവ്യം. വേദപുസ്തകത്തോട് നീതികേടു കാട്ടാതെ ഭാവനാഭംഗിയോടെ ക്രിസ്തുചരിതം അദ്ദേഹം പുനരാഖ്യനം ചെയ്തു. ജനങ്ങൾ അതേറ്റെടുത്തു. ഇന്ന് കേരളത്തിലെ വിവിധ പാട്ടുകൂട്ടായ്മകൾ തനിമയാർന്ന ഈണങ്ങളിൽ അത് ആലപിക്കുന്നു.

ആലാപനവൈവിധ്യമുള്ള പാഠഭേദങ്ങൾ അണിനിരക്കുന്നു. ചാവറയച്ചന്റെ *ആത്മാനുതാപവും* പല കാര്യങ്ങളിലും *പുത്തൻപാന*യെ പിന്തുടരുന്നുണ്ടെങ്കിലും നിർഭാഗ്യവശാൽ ജനങ്ങളുടെ നാവിൻതുമ്പിലൂടെ പാഠവൈവിധ്യം നേടാതെ ശീലീഭൂതമായിക്കിടക്കുന്നു. മൊത്തത്തിൽ ക്രൈസ്തവഫോക്‌ലോർ നേരിടുന്ന ഒരു പ്രതിസന്ധിയാണിത്. പുരോഹിതജ്ഞാനം, സഭാവിജ്ഞാനം ഏകാത്മകമായിരിക്കണമെന്ന് കേരള ക്രൈസ്തവർ ധരിച്ചു വശരായിരിക്കുന്നു. മാപ്പിളപ്പാട്ടുകൾക്ക് ഇരുപത്തൊന്നാം നൂറ്റാണ്ടിലുണ്ടായ ഉണർവ് പരിഗണിക്കുമ്പോൾ ഇങ്ങനെ സംശയിക്കാതിരിക്കാൻ നിർവാഹമില്ല. കേരള ക്രൈസ്തവഫോക്‌ലോർ മങ്ങുഴത്തിലാണോ?

ഗ്രന്ഥസൂചി

തോമസ് പി. ജെ. 1989 *മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, ഡി.സി. ബുക്സ്: കോട്ടയം.

തോമസ് ബാബു 2001, *ക്നാനായരുടെ കല്യാണപ്പാട്ടുകൾ വഴക്കവും പൊരുളും*, സ്റ്റഡി ഫോറം ,ഫോർ ക്രിസ്ത്യൻ കൾച്ചർ ആൻഡ് ഹെരിറ്റേജ്: കോട്ടയം

ദീപ എസ്.ജെ.സി. 2011, *നസ്രാണികളുടെ പുരാതനപ്പാട്ടുകൾ*, സാഹിത്യപ്രവർത്തകസഹകരണ സംഘം: കോട്ടയം.

നാരായണൻ, അജു 2005 *ബുദ്ധമതപാരമ്പര്യം, നാട്ടറിവുകളിലൂടെ*, കറന്റ് ബുക്സ്: കോട്ടയം.

വലിയവീട്ടിൽ, ജോസഫ് വി.പി. 2014 *ചവിട്ടുനാടക വിജ്ഞാനകോശം*, കേരള ഫോക്‌ലോർ അക്കാദമി: കണ്ണൂർ

Chundal, Chummar, 1983, *Christian Folksongs*, Zone Books, Kerala Folklore Acadamy: Trichur.

Muthukumaraswami, M.D. Molly Kaushal (Ed.)2004, *Folklore, Public Sphere and Civil Society*, Indira Gandhi National Centre for the Arts: New Delhi.